പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5814 30/07/2015-ൽ മറുപടിക്ക്

# ഹൈഡൽ പവർ പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>,,റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ<br>,, മോൻസ് ജോസഫ്. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൂടുതൽ ഹൈഡൽ പവ്വർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 88.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 മെഗാ വാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ബോർഡും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22 പദ്ധതികളുടെ DPR തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.<br><br>ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജല വൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ 100മെഗാവാട്ടിന്റെ ഉത്പാദനത്തിനായി 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ